# പൾസർ സുനിയോട് പറയാനുള്ളത്

ബാബു പാലത്തുംപാട്ട്

മിസ്റ്റർ സുനി ,
കോടതിയിൽ ഓടിക്കയറി രക്ഷപെടാനുള്ള നിങ്ങളുടെ ശ്രമം വിജയിക്കാതിരുന്നപ്പോഴേ നിങ്ങളുടെ "ക്വട്ടേഷനും" ആരൊക്കെയോ ഏറ്റെടുത്തു കഴിഞ്ഞു എന്ന് നിങ്ങൾ മനസ്സിലാക്കേണ്ടിയിരുന്നു .
ഗൂഢാലോചന ഇല്ലെന്നും പൾസർ സുനി എന്ന ഒരു വ്യക്തിയുടെ തലയിലുദിച്ച പ്ലാൻ മാത്രമാണത് എന്നും പോലീസ്/ മുഖ്യമന്ത്രി, വളരെ പെട്ടെന്നു തന്നെ പ്രഖ്യാപിച്ചപ്പോൾ അതിന്റെ അർത്ഥം മനസ്സിലാക്കാനും നിങ്ങൾക്ക് പറ്റിയില്ല!! (അദ്ദേഹം പറഞ്ഞത് പിന്നീട് തിരുത്തി എന്നത് ശരിതന്നെ, എങ്കിലും ....? )
ഒരു പ്രമുഖ നടനെയും ചില സ്നേഹിതരെയും പോലീസ് ചോദ്യം ചെയ്തു കഴിഞ്ഞു.

നടിയുടെ കാക്കനാട്ട് കടയിലും റെയ്ഡ് നടത്തി

അങ്ങനെ അങ്ങനെ ഒരു പാട് കാര്യങ്ങൾ ഇതിനോടകം നടന്നു കഴിഞ്ഞു.

"അമ്മയോ അമ്മായിയമ്മയോ രണ്ടാനമ്മയോ അതോ ബൊമ്മയോ" എന്ന് ഇന്ന് മലയാളികൾ സംശയിക്കുന്ന താര(സം)ഘടനയുടെ "മഹാ .........യോഗ" ത്തിൽ മലയാളത്തിലെ "മഹാ.....നടന്മാരുടെ " ഇരിപ്പും നോട്ടവും പോലും അവാർഡ്-ന് അർഹമാണെന്നു അവരെ സ്നേഹിക്കുന്ന എന്നെപ്പോലെയുള്ള സാധാരണ കാണികൾ പോലും വെറുപ്പോട് പറഞ്ഞു കഴിഞ്ഞു.

ഗണേശന്റെയും മുകേ(ഷ)ശന്റെയും അഭിനയം കൊല്ലത്തുകാർക്കുപോലും ഇഷ്ടപ്പെട്ടില്ല

ഇന്നസെന്റ് M.P.യുടെ സംസാരം വെറും "മലയാളം M.P" ഇന്നസെന്റ്- ന്റേതായിപ്പോയി എന്നും മലയാളികൾക്ക് തോന്നി.

കാരണം,
മിസ്റ്റർ പൾസർ സുനീ, നിങ്ങൾ പീഡിപ്പിക്കാൻ ക്വട്ടേഷൻ സ്വീകരിച്ചത് മലയാളസിനിമാ പ്രേക്ഷകർ ഇളയ പെങ്ങളെപ്പോലെയും മകളെപ്പോലെയും മറ്റും ഇഷ്ടപ്പെട്ടിരുന്ന നല്ല ഒരു നടിയെ ആണ്.
ഇതുവരെയുള്ള സംഭവങ്ങളുടെ കിടപ്പ് പരിശോധിച്ചാൽ നിങ്ങൾക്ക് രക്ഷപെടാനാകില്ല നിങ്ങള്ക്ക് പണവും കിട്ടില്ല . പകരം ജയിലിൽ ടെലഫോൺ ഉപയോഗിച്ച്, പണം തട്ടാൻ ശ്രമിച്ചു തുടങ്ങിയ രണ്ടു മൂന്നു കേസുകൾകൂടി ചുമത്തി നിങ്ങളെ പുറത്തു വരാൻ അനുവദിക്കാതെ അകത്തിടും.

ശ്രീമാൻ നിസ്സാമിന്റെ കാര്യത്തിലെന്നപോലെ നിങ്ങളെ രക്ഷപെടുത്താൻ ശ്രമിക്കാനോ നിങ്ങള്ക്ക് വേണ്ടി പൊതുയോഗം വിളിച്ചു കൂട്ടാനോ ആരും ഉണ്ടാകില്ല.

അതുകൊണ്ട് .
നിങ്ങളെ ക്വോട്ടേഷൻ ഏർപ്പെടുത്തിയ ആൾക്കാരുടെ വിശദവിവരം തെളിവുസഹിതം നിങ്ങൾ പരസ്യമാക്കുക .
അങ്ങനെ ചെയ്താൽ രണ്ടാണ് ഗുണം:-

1. നിങ്ങളെ ഒറ്റപ്പെടുത്തി കൈയൊഴിഞ്ഞവരോട് പകരം വീട്ടാം.
2. നിങ്ങളോടുള്ള കേരളീയ ജനതയുടെ തീരാത്ത ദ്വേഷ്യം ഏകദേശം 29 ശതമാനം എങ്കിലും കുയ്ക്കാം
   എന്റെ ഈ ഉപദേശം പരിഗണിക്കാൻ ശ്രമിക്കുക